GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

29-05-2021

# കാർഷികവാർത്തകൾ

## 1. കൃഷിവകുപ്പ് പൈനാപ്പിളും കപ്പയും സംഭരിക്കുന്നു

ഹോർട്ടികോർപ്പ് വാഴക്കുളം അഗ്രോ പ്രോസസ്സിംങ്ങ് കമ്പനി വഴി കൈതച്ചക്കയുടേയും കപ്പയുടേയും സംഭരണം കൃഷിവകുപ്പ് ആരംഭിച്ചു. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി കർഷകർക്ക് ജില്ലാതലത്തിൽ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാവുന്നതാണ്. വിവിധ ജില്ലകളിലെ ഹെൽപ്പ് ഡെസ്ക് നമ്പരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം 963323 5081 | കൊല്ലം 9446207383 |
| പത്തനംതിട്ട 9447335078 | ആലപ്പുഴ 9447860263 |
| കോട്ടയം 9447583081 | ഇടുക്കി 8547479101 |
| എറണാകുളം 9497689997 | തൃശ്ശൂർ 9446360336 |
| പാലക്കാട് 9447779770 | മലപ്പുറം 9447449183 |
| കോഴിക്കോട് 9497079534 | വയനാട് 9745468414 |
| കണ്ണൂർ 9895371970 | |

## 2. അനിമൽ ഹെൽത്ത് ക്യാമ്പുകൾ

മഴക്കെടുതി, വെള്ളപ്പൊക്കം മുതലായ പ്രകൃതി ദുരന്തങ്ങളുടെയും കോവിഡിന്റെ രണ്ടാം തരംഗത്തിന്റെയും പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിടുന്ന കർഷകരുടെ ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് അനിമൽ ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ സൌജന്യ നിരക്കിൽ കാലിതീറ്റ, ധാതുലവണ മിശ്രിതം, പുല്ല്, വയ്ക്കോൽ, മറ്റ് അത്യാവശ്യ മരുന്നുകൾ എന്നിവ നൽകുന്നു. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ ക്ഷീരകർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു.

## ഓൺലൈൻ പരിശീലനങ്ങൾ

3. **വെള്ളായണി കാർഷിക കോളേജ്** സസ്യ പ്രജനന ശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരിക്കുന്ന 'അതിജീവനം കൃഷിയിലൂടെ' എന്ന വെബിനാർ പരമ്പരയിൽ ഇന്ന് **(29-05-2021 ന്)** ഉച്ചയ്ക്ക് 3.30 മുതൽ 5.00മണി വരെ 'അടുക്കളത്തോട്ടത്തിലെ രോഗകീട നിയന്ത്രണം' എന്ന വിഷയത്തിൽ അസോസിയേറ്റ് പ്രൊഫസർ ഡോ വി വിജയശ്രീ പ്രഭാഷണം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - **9497453663**

4. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി നടത്തുന്ന കർഷകോൻമുഖ ഓൺലൈൻ ഭാഷണ പരമ്പരയിൽ വിവിധ വിഷയങ്ങളെ ആധാരമാക്കി പ്രഭാഷണങ്ങളും കർഷകരുടെ സംശയ ദൂരീകരണത്തിനുള്ള അവസരങ്ങളും ഒരുക്കുന്നു. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9446625160** / **9895213500**

5. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ** കൃഷി സംബന്ധമായ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ജൂൺ മാസം നാലാം തീയതി തുടങ്ങുന്ന പരിശീലനങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. **പത്തനംതിട്ട ജില്ലാകൃഷിവിജ്ഞാനകേന്ദ്രത്തിന്റെ** ആഭിമുഖ്യത്തിൽ നടത്തുന്ന ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ഇന്ന് (29.05.2021) ന് 'വാഴ കൃഷി ശാസ്ത്രീയ പരിപാലന മുറകൾ' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ളവർക്ക് രാവിലെ പതിനൊന്ന് മണിക്ക് **meet.google.com/dpq-ykor-opd** എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽപങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്ബന്ധപ്പെടേണ്ട ഫോൺ നമ്പർ **8078572094**

7. 'കുരുമുളക് കൃഷിയിൽ ദ്രുതവാട്ടവും പരിഹാര മാർഗങ്ങളും' എന്ന വിഷയത്തെ ആധാരമാക്കി എടപ്പറ്റ കൃഷി ഓഫീസർ റ്റി റ്റി തോമസ് ഓൺലൈൻ പ്രഭാഷണം നടത്തുന്നു. കോഴിക്കോട് ഫാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇൻഫോർമേഷൻ ബ്യൂറോയുടെ ഫേസ് ബുക്ക് പേജിലൂടെ കർഷകർക്ക് ലൈവായി ഈ പ്രഭാഷണം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – 9447393352

**8. വാഴ കർഷകരുടെ ശ്രദ്ധയ്ക്ക്**

അഴുകൽ രോഗം ബാധിച്ച വാഴയുടെ അവശിഷ്ടങ്ങൾ മുറിവുകൾ എന്നിവയിലൂടെ രോഗം പകരാൻ സാധ്യതയുണ്ട്. ഇളം കന്നുകളെയാണ് കൂടുതൽ ബാധിക്കുന്നത്. നല്ല നീർവാർച്ച രോഗത്തിനെ ഒരു പരിധി വരെ നിയന്ത്രിക്കും. കർഷകർ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിയ്ക്കുക

- രോഗ മുക്തമായ കന്നുകൾ നടുക
- നടുന്നതിനുമുമ്പ് പത്ത് ലിറ്റർ വെള്ളത്തിൽ 40 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡും മൂന്ന് ഗ്രാം സ്ട്രെപ്റ്റോ സൈക്ലിനും കലർത്തി അതിൽ മുപ്പത് മിനിറ്റ് നേരത്തേയ്ക്ക് കന്നുകൾ മുക്കി വയ്ക്കണം.
- രോഗം ബാധിച്ചവ ഉടനടി നീക്കം ചെയ്യുക
- വിളവെടുപ്പിനു ശേഷം വാഴയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുക